കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്ത് - "സ്നേഹസ്പർശം" പദ്ധതി - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം. 209/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 22/01/2018.

വായന:-
1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27/07/2017 -ലെ 3.5 നമ്പർ തീരുമാനം.
2. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 17/07/2017, 28/12/2017 എന്നീ തീയതിയിലെ P4 -4002/2017 നമ്പർ കത്തുകൾ.

ഉത്തരവ്

കോഴിക്കോട് ജില്ലാ പഞ്ചായത്ത് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 2011 മുതൽ നടപ്പിലാക്കി വരുന്ന കിഡ്നി, ക്യാൻസർ, എയ്ഡ്സ് എന്നീ രോഗികളെ സഹായിക്കാൻ വേണ്ടിയുള്ള ജീവകാരുണ്യ പദ്ധതിയായ സ്നേഹസ്പർശം എന്ന പദ്ധതിയ്ക്ക് നഗരസഭകളടക്കം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തുക വകയിരുത്തുന്നതിന് അനുമതി നൽകണമെന്ന കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27/07/2017 ലെ യോഗം പരിശോധിക്കുകയും നിബന്ധനകൾക്ക് വിധേയമായി സംയുക്ത പ്രോജക്ടുകൾ എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ചർച്ചചെയ്ത് സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കാൻ കമ്മിറ്റിയുടെ വായന(1)യോഗം തീരുമാനിക്കുകയും ചെയ്തു. ജില്ലാ ആസൂത്രണസമിതിയുടെ തീരുമാന പ്രകാരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 2 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾ 5 ലക്ഷം രൂപയും കോർപ്പറേഷനും ജില്ലാ പഞ്ചായത്തും 25 ലക്ഷം രൂപയും വകയിരുത്താൻ തീരുമാനിക്കുകയും ആയതിന് ഡിപി.സി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കണമെന്നും വായന (2) മുഖേന കോഴിക്കോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ച കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ 2011 മുതൽ നടപ്പിലാക്കി വരുന്ന കിഡ്നി, ക്യാൻസർ, എയ്ഡ്സ് എന്നീ രോഗികളെ സഹായിക്കാൻ വേണ്ടിയുള്ള ജീവകാരുണ്യ പദ്ധതിയായ സ്നേഹസ്പർശം എന്ന പദ്ധതിയ്ക്ക് ചുവടെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കണം എന്ന നിബന്ധനയോടെ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 2 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾ 5 ലക്ഷം രൂപയും കോർപ്പറേഷനും ജില്ലാ പഞ്ചായത്തും 25 ലക്ഷം രൂപയും ലഭ്യമായ ഫണ്ടിൽ നിന്നും വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

1. പദ്ധതി പ്രത്യേകമായി ഓഡിറ്റ് ചെയ്യണം
2. ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്
ജില്ലാ കളക്ടർ, കോഴിക്കോട്
കോഴിക്കോട് ജില്ലയിലെ എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഒ.എസ്) വകുപ്പ്(DB1/46/2018/LSGD)
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ